**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരസഭാ കോർപ്പറേഷൻ - തീർപ്പാക്കിയ എൽ.എ.ആർ കേസുകൾക്ക് ആവശ്യമായ നഷ്ടപരിഹാരതുക കോർപ്പറേഷന്റെ വാർഷിക പദ്ധതിവിഹിതത്തിൽ നിന്നും ഉപയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ)നം. 700/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 11.3.2015.

പരാമർശം : 1) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 24/02/2015, 10/03/2015 തീയതികളിലെ ടി.പി2/132910/11 നമ്പരുകളിലുള്ള കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷൻ വിവിധ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുത്ത വകയിൽ വിവിധ LAR കേസുകളിൽ ഇനിയും കൊടുക്കുവാനുള്ള 10 കോടിയോളം രൂപ കോടതിവിധി പ്രകാരം തനതുഫണ്ടിൽ നിന്നും കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ കോർപ്പറേഷന്റെ വാർഷിക പദ്ധതിവിഹിതത്തിൽ നിന്നും ഉപയോഗിക്കുന്നതിന് അനുമതി നല്കണമെന്ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

അദാലത്തുകൾ മുഖേന തീർപ്പാക്കിയിട്ടുള്ള LAR കേസുകളിൽ പ്രസ്തുത തുക യഥാസമയം അടവാക്കാതിരുന്നാൽ ആയതിന് 15% പലിശ നല്കേണ്ടതായി വരുമെന്നത് നഗരസഭയ്ക്ക് വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നതിനാലും തുക യഥാസമയം അടവാക്കാതിരുന്നാൽ കക്ഷികൾ വീണ്ടും എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്ത് വർദ്ധിത നഷ്ടപരിഹാരത്തിന് വിധി സമ്പാദിക്കാൻ ഇടവരുമെന്നതിനാലും നഗരസഭയ്ക്ക് ഇത്രയും തുക തനതുഫണ്ടിൽനിന്നും കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലും, കോഴിക്കോട് കോർപ്പറേഷൻ വിവിധ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുത്ത വകയിൽ വിവിധ LAR കേസുകളിൽ ഇനിയും കൊടുക്കുവാനുള്ള 8,04,46,992/- (എട്ടു കോടി നാലു ലക്ഷത്തി നാൽപ്പത്തി ആറായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ടു രൂപ) രൂപയും അതിലുപരിയായി

കോടതിമുമ്പാകെ തുക അടവാക്കുന്നതുവരെയുള്ള പലിശതുകയും കോർപ്പറേഷന്റെ വാർഷിക പദ്ധതിവിഹിതത്തിൽ നിന്നും ഉപയോഗിക്കുന്നതിന്, കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിനുവിധേയമായി, അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.പി.എം. മൊഹമ്മദ് ഹനീഷ്
സെക്രട്ടറി തദ്ദേശസ്വയംഭരണ
(നഗരകാര്യ) വകുപ്പ്

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
ജില്ലാ കളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ. & എ)) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ